

WEDNESDAY 29-09-2021 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

Chief Editor : George Sebastian Editor : Dr Asha T T



Farm Information Bureau, Kowdiar, Thiruvananhapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) -29/09/2021

1. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ-കേരള മുഖാന്തിരം സംസ്ഥാനത്ത് നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടിക്കൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലൂടെ ഹോർട്ടികൾച്ചർ മേഖലയിലെ വിപണികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഈ സാമ്പത്തിക വർഷത്തിൽ 10 ചില്ലറ വിപണികൾ മലയോര പ്രദേശങ്ങളിൽ സ്ഥാപിക്കുന്നതിന് 7.5 ലക്ഷം രൂപയും സമതല പ്രദേശങ്ങളിൽ 5.25 ലക്ഷം രൂപയും,പഴം,പച്ചക്കറി ഉന്ത് വണ്ടികൾക്ക് (32 എണ്ണം) 15000 രൂപയും, ശേഖരണം, തരംതിരിക്കൽ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവക്കുള്ള അടിസ്ഥാന സൗകര്യ വികസനം ഒരുക്കുന്നതിനുള്ള യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ 6 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 8.25 ലക്ഷം രൂപയും ധനസഹായം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരളയുമായി **0471-2330856/2330867** എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

2. കാർഷിക രംഗത്തെ സമഗ്ര പുരോഗതിക്കായി നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ജല ഉപയോഗക്ഷമത വർധിപ്പിക്കുക, ഉയർന്ന ഉത്പാദനം ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ കൂടി കൃഷിവകുപ്പ് നടപ്പാക്കുന്ന പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന പദ്ധതിയിൻ പ്രകാരം ഡ്രിപ്പ്, സ്പ്രിങ്ക്ലർ തുടങ്ങിയ സൂക്ഷ്മ ജലസേചന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിന് കണ്ണൂർ ജില്ലയിൽ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയർ അപേക്ഷകൾ ക്ഷണിച്ചു. ചെറുകിട നാമമാത്ര കർഷകർക്ക് പദ്ധതിച്ചെലവിന്റെ അനുവദനീയമായ തുകയുടെ 80 ശതമാനവും മറ്റ കർഷകർക്ക് പദ്ധതിച്ചെലവിന്റെ 70 ശതമാനവും നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിലും ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള

കൃഷിഭവനുമായോ ഇനി പറയുന്ന ഫോൺ നമ്പരുകളിലോ ബന്ധപ്പെടാവുന്നതാണ്. ഫോൺ നമ്പർ 9 3 8 3 4 7 7 2 0 5 0 / 9 3 8 3 4 7 2 0 5 1 / 9 3 8 3 4 7 2 0 5 2

3. ക്ഷീരവികസന വകുപ്പിന്റെ തിരുവനന്തപുരം പട്ടത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, വെള്ളം, കാലിത്തീറ്റ എന്നിവയുടെ ഗുണമേന്മ സംബന്ധിച്ച വിവിധ പരിശോധനകൾ നടത്തുവാനും, കാലിബ്രേഷൻ നടത്തുന്നതിനും സൗകര്യം ലഭ്യമാണ്. നിശ്ചിത ഫീസ് ഒടുക്കി കർഷകർക്കും പൊതുജനങ്ങൾക്കും ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്കായി സ്റ്റേറ്റ് ഡയറി ലബോറട്ടറി പബ്ലിക് റിലേഷൻസ് ഓഫീസുമായി **0471-2440074** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കുടപ്പനക്കുന്ന് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ 25 എണ്ണത്തിൽ കൂടുതൽ പൂവൻ കോഴി കുഞ്ഞുങ്ങളുടെ ബുക്കിങ്ങ് എല്ലാ പ്രവർത്തി ദിവസങ്ങളിലും 10 മണി മുതൽ 3 മണി വരെ സ്വീകരിക്കുന്നതാണ്. ഒരു ദിവസം പ്രായമായ കുഞ്ഞിന് 10 രൂപാ നിരക്കിലാണ് വിൽപ്പന നടത്തുന്നത്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 0471- 2730804

**പരിശീലന പരിപാടികൾ**

5. **സ്റ്റേറ്റ്** അഗ്രിക്കൾച്ചർ മാനേജ്മെന്റ് ആന്റ് എക്സ്റ്റൻഷൻ ട്രെയിനിംങ്ങ് ഇൻസ്റ്റിസ്റ്റ്യൂട്ടിന്റെ (SAMETI) ആഭിമുഖ്യത്തിൽ ഇന്ന് (29/09/2021-നു) രാവിലെ 11 മണി മുതൽ **കൂൺകൃഷി** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. https://www.facebook.com/SametiKeralaExtensionChann0el/live/ എന്ന ഫേസ്ബുക്ക് പേജിൽ പരിശീലനം തത്സമയം വീക്ഷിക്കാവുന്നതാണ്

6. പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **ശാസ്ത്രീയ കൂൺകൃഷി** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് (സെപ്റ്റംബർ 29 ന്) രാവിലെ 10 മുതൽ തെള്ളിയൂരിൽ

പ്രവർത്തിക്കുന്ന പത്തനംതിട്ട ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ചാണ് പരിശീലനം നടക്കുന്നത്. കൂടുതൽ വിവരങ്ങൾക്കും, പരിശീലനത്തിൽ പങ്കെടുക്കുന്നതിനും 9447801351 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

7. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 29 ന്) രാവിലെ 11 മണിക്ക് **പാൽ പുളിപ്പിച്ചുണ്ടാക്കുന്ന ഉത്പന്നങ്ങൾ (തൈര്, ലസ്സി, ശ്രീഖണ്ഡ്)** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 – 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.

8. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഇന്ന് (സെപ്റ്റംബർ 29) രാവിലെ 11 മണിക്ക് **വെർമി കമ്പോസ്റ്റ്, ബയോഗ്യാസ് നിർമ്മാണം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/iff-xwbj-kqe എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0481– 2302223 / 9447824520** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

9. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (സെപ്റ്റംബർ 29, 30) **നായ വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 – 2732918** എന്ന ഫോൺ നമ്പരിലോ **9188522701.** എന്ന വാട്ട്സാപ്പ് നമ്പരിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശങ്ങൾ**

10. പച്ചക്കറി വിളകളിൽ കാണുന്ന **ഇലചുരുളൽ, മൊസേക്ക്** എന്നീ രോഗങ്ങളെ നിയന്ത്രിക്കുന്നതിനായി ഇവ പരത്തുന്ന ചെറുകീടങ്ങളെ നിയന്ത്രിക്കുന്നതോടൊപ്പം രോഗം ബാധിച്ച

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെടികൾ നീക്കം ചെയ്യുകയും വേണം. ജൈവ കീടനാശിനികളായ വേപ്പെണ്ണ-വെളുത്തുള്ളി മിശ്രിതം, വേപ്പധിഷ്ഠിത കീടനാശിനികൾ എന്നിവ ഇത്തരം ചെറുകീടങ്ങൾക്കെതിരെ തുടക്കത്തിൽ തന്നെ പ്രയോഗിക്കാൻ ശ്രദ്ധിക്കുക.

11. പയറിൽ കായും തണ്ടും തുരക്കുന്ന കീടത്തിന്റെ ഉപദ്രവമേറ്റ ഭാഗങ്ങൾ മുറിച്ചു നീക്കം ചെയ്യുക. **കായ്തുരപ്പന്റെ** ആക്രമണം നിയന്ത്രിക്കാനായി വേപ്പിൻ കുരുസത്ത് 5% വീര്യത്തിൽ തയ്യാറാക്കി തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മി.ലി **ഫ്ളൂബെന്റിഅമൈഡ്** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ അല്ലെങ്കിൽ **ക്ലോറാൻട്രാനിലിപ്രോൾ** 3 മി.ലി 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിലോ തളിച്ചു കൊടുക്കേണ്ടതാണ്. പയറിൽ മുഞ്ഞയുടെ ആക്രമണം കണ്ടാൽ 2% വീര്യമുള്ള വേപ്പെണ്ണ എമൾഷൻ തളിക്കുക. അല്ലെങ്കിൽ **ലെക്കാനിസീലിയം, ലെക്കാനി** എന്ന മിത്രകുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ 10 ദിവസം ഇടവിട്ട് കൊടുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 3 മി.ലി **ഇമിഡാക്ലോപ്രിഡ്** അല്ലെങ്കിൽ 2 ഗ്രാം **തയാമെതോക്സാം** 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക.

12. തുലാവർഷത്തിനു മുമ്പ് തെങ്ങിൻ തോട്ടം കിളയ്ക്കുകയോ, ഉഴുകയോ ചെയ്യുന്നത് കളകളേയും, വേരുതീനിപ്പുഴുക്കളേയും നിയന്ത്രിക്കാനും, തുലാമഴയിൽ നിന്നുള്ള വെള്ളം മണ്ണിലിറങ്ങുന്നതിനും വായു സഞ്ചാരം വർദ്ധിക്കുന്നതിനും നല്ലതാണ്. മണ്ണിൽ നനവുള്ളതുകൊണ്ട് രണ്ടാം ഗഡു രാസവളം ഇപ്പോൾ ചേർക്കാം. പല കർഷകരും ഒറ്റത്തവണ മാത്രമേ വളം ചേർത്തു കാണുന്നുള്ളൂ. എന്നാൽ വർഷത്തിൽ രണ്ടു തവണയെങ്കിലും തെങ്ങിന് വളം ചെയ്തിരിക്കണം. നനയ്ക്കാൻ സൗകര്യമുള്ള തെങ്ങിൻതോപ്പുകളിൽഒരു വർഷത്തേയ്ക്ക് ശുപാർശ ചെയ്തിരിക്കുന്ന വളം മൂന്ന് നാല് തവണകളിലായി നൽകുന്നതാണ് ഏറ്റവും നല്ലത്.